File No.FWLD-A1/54/2016-FWLD

9043
2/5/18

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്-ശ്രീ.കെ.ജി.രാജൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട) ഫയൽ ചെയ്ത ഒ.എ(ഇകെഎം) 692/2017 നമ്പർ കേസിലെ 16.01.2018 ലെ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം./202/2018/വനം തീയതി, തിരുവനന്തപുരം, 28/04/2018

പരാമർശം:- (1) 14.07.2015 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റി (വിജിലൻസ്) ന്റെ വിഇ2-20208/14 നമ്പർ കത്ത്.

(2) ശ്രീമതി.വസന്തകുമാരി ബഹു.പുനലൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഫയൽ ചെയ്ത എസ്.റ്റി.3750/2013-ാം നമ്പർ കേസിലെ 01.03.2017 ലെ വിധിന്യായം

(3) 24.03.2017 ലെ സ.ഉ.(സാധാ) നം.105/2017/വനം ഉത്തരവ്

(4) 18.04.2017 ലെ സ.ഉ.(സാധാ) നം.152/2017/വനം ഉത്തരവ്

(5) 22.04.2017 ലെ 9469/എ1/2015/വനം നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും

(6) ശ്രീ.കെ.ജി.രാജൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട) ബഹു: കൊല്ലം ജില്ല & സെക്ഷൻസ് കോടതിയിൽ ഫയൽ ചെയ്ത ക്രിമിനൽ അപ്പീൽ 37/17 ലെ 23.10.2017ലെ വിധിന്യായം.

(7) ശ്രീമതി.വസന്തകുമാരി ബഹു.പുനലൂർ സബ് കോടതിയിൽ ഫയൽ ചെയ്ത ഒ.എസ്. 63/16 ലെ 31.10.2017 ലെ വിധിന്യായം

(8) ശ്രീ.കെ.ജി.രാജൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട) ഫയൽ ചെയ്ത ഒ.എ(ഇകെഎം) 692/2017 നമ്പർ കേസിലെ 16.01.2018 ലെ വിധിന്യായം

## <u>ഉത്തരവ്</u>

ശ്രീമതി.വസന്തകുമാരി, ടിയാളുടെ മരണപ്പെട്ട ഭർത്താവിന്റെ സുഹൃത്തും അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുമായ ശ്രീ.കെ.ജി.രാജൻ പലപ്പോഴായി ടിയാളിൽ നിന്നും 14,14,000/- രൂപ കടമായി വാങ്ങിയതിൽ 3 ലക്ഷം രൂപ മടക്കി നൽകിയതിനു ശേഷം ബാക്കി തുകയ്ക്ക് ടിയാൻ നൽകിയ ചെക്കുകൾ കളക്ഷനാകാതെ വന്നതിനെ തുടർന്ന് ടിയാനെതിരെ ബഹു.പുനലൂർ ജുഡിഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുൻപാകെ എസ്.റ്റി.3750/13 നമ്പരായി കേസ് ഫയൽ ചെയ്യുകയുണ്ടായി.

2) ടി വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി.വസന്തകുമാരി സർക്കാരിൽ ശ്രീ.കെ.ജി.രാജനെതിരെ സമർപ്പിച്ച പരാതിയിന്മേൽ പുനലൂർ ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖേന അന്വേഷണം നടത്തി. സർക്കാർ ഉദ്യോഗസ്ഥനെന്ന നിലയിൽ പൊതുജനങ്ങളുമായി സാമ്പത്തിക ഇടപാടുകൾ നടത്തുന്നത് 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ 16-ാം ചട്ടത്തിന്റെ ലംഘനമായതിനാൽ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ്) പരാമർശം (1) പ്രകാരം ശുപാർശ ചെയ്തു.

3) ശ്രീമതി.വസന്തകുമാരി ഫയൽ ചെയ്ത എസ്.റ്റി.3750/13 നമ്പർ കേസിൽ, 1881-ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ടിലെ 138-ാം വകുപ്പിലെ CrPC 255(1), 357(3) വകുപ്പുകൾ

പ്രകാരം ശ്രീ.കെ.ജി.രാജന് 3 മാസം തടവും, 11,10,000/- രൂപ പരാതിക്കാരിക്ക് നഷ്ടപരിഹാരം നൽകാനും, പിഴ അടയ്ക്കാത്ത പക്ഷം 2 മാസം കൂടി വെറും തടവ് അനുഭവിക്കുന്നതിനും പരാമർശം ( 2 ) പ്രകാരം ബഹു. കോടതി ഉത്തരവായി.ശ്രീ.കെ.ജി.രാജൻ ടി കോടതി ഉത്തരവിനെതിരെ ക്രിമിനൽ അപ്പീൽ 37/2017 ഫയൽ ചെയ്തു.

4)കോടതി ശിക്ഷിച്ച സാഹചര്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 (1) (a) പ്രകാരം ശ്രീ.കെ.ജി.രാജനെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത് കൊണ്ട് പരാമർശം(3) പ്രകാരം ഉത്തരവായി. ടിയാൻ കൊല്ലം ജില്ലാ സെക്ഷൻസ് കോടതിയിൽ ഫയൽ ചെയ്ത ക്രിമിനൽ അപ്പീൽ 37/17-ലെ ഉത്തരവ് അനുസരിച്ച് 'കൺവിക്ഷൻ' 30.04.2017 വരെ സ്റ്റേ ചെയ്തു. തുടർന്ന് അച്ചടക്കനടപടിക്കു വിധേയമായി, സസ്പെൻഷൻ പിൻവലിച്ച് ടിയാനെ പരാമർശം ( 4 ) പ്രകാരം സർവ്വീസിൽ തിരിച്ചെടുത്തു.

5 ) ശ്രീ.കെ.ജി.രാജൻ നടത്തിയ സാമ്പത്തിക ഇടപാട് കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ 16-ാം ചട്ടത്തിന്റെ ലംഘനമായതിനാലും ടിയാന്റെ പ്രവൃത്തി കാരണം വനം വകുപ്പിന്റെ സൽപ്പേരിന് കളങ്കം വന്നതിനാലും പരാമർശം (5) പ്രകാരം താഴെപ്പറയുന്ന ചാർജ്ജുകൾക്ക് കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

(i)സർക്കാർ ജീവനക്കാരനായ ടിയാൻ ശ്രീമതി.വസന്തകുമാരി, ഏരൂർ വില്ലേജ്, പുനലൂർ താലൂക്ക് എന്നയാളുമായി സാമ്പത്തിക ഇടപാടുകൾ നടത്തിയിട്ടുണ്ട്. ഇപ്രകാരം പൊതുജനങ്ങളുമായി സാമ്പത്തിക ഇടപാടുകൾ നടത്തിയത് 1960-ലെ കേരള സർക്കാർ

ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ 16-ാാം ചട്ടത്തിന്റെ ലംഘനമാണ്.

(ii) മേൽ സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ട് ശ്രീമതി.വസന്തകുമാരി, ബഹു.പുനലൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഫയൽ ചെയ്ത ക്രിമിനൽ കേസ് എസ്.റ്റി.3750/13- ന്റെ 01.03.2017 ലെ വിധിന്യായം അനുസരിച്ച് ടിയാന് മൂന്ന് മാസം തടവും 11,10,000/- രൂപ പരാതിക്കാരിക്ക് നഷ്ടപരിഹാരം നൽകാനും പിഴ ഒടുക്കിയില്ലെങ്കിൽ വീണ്ടും 2 മാസം കൂടി വെറും തടവിനും വിധിച്ചിട്ടുള്ളതുമാണ്. പ്രസ്തുത കൺവിക്ഷൻ കോടതി സ്റ്റേ ചെയ്തിട്ടുണ്ടെങ്കിലും മേൽ പ്രവൃത്തികൾ വനം വകുപ്പിന്റെ സൽപ്പേരിന് കളങ്കം വരുത്തുന്നതിന് കാരണമായി. ഇത് ഗുരുതരമായ വീഴ്ചയാണ്.

6) ശ്രീ.കെ.ജി.രാജൻ പ്രതിവാദ പത്രികയിൽ നേരിൽ കേൾക്കുന്നതിന് അപേക്ഷിച്ചതിൻ പ്രകാരം ടിയാനെ 21.12.2017 ന് നേരിൽ കേട്ടു. പ്രതിവാദ പത്രികയിലെ വാദഗതികൾ തന്നെ ടിയാൻ നേരിൽ കേട്ടപ്പോഴും ആവർത്തിച്ചു. കൂടാതെ ശ്രീമതി.വസന്തകുമാരി ഫയൽ ചെയ്ത എസ് റ്റി 3750/13 കേസിലെ വിധിക്കെതിരെ ശ്രീ.കെ.ജി.രാജൻ ഫയൽ ചെയ്ത 37 / 2017 അപ്പീലിൽ ടിയാനെതിരെ ഉണ്ടായിരുന്ന ശിക്ഷ പരാമർശം (6) പ്രകാരം റദ്ദാക്കി ടിയാനെ നിരപരാധിയായി ഉത്തരവായിട്ടുണ്ടെന്നും ശ്രീമതി.വസന്തകുമാരി ടിയാനെതിരെ പുനലൂർ സബ് കോടതിയിൽ ഫയൽ ചെയ്ത ഒ.എസ്.63/16 സിവിൽ കേസും പരാമർശം (7) പ്രകാരം കോടതി തള്ളികളഞ്ഞുവെന്നും അറിയിച്ചു.

7) ശ്രീ.കെ.ജി.രാജൻ ഫയൽ ചെയ്ത ഒ.എ.(ഇകെഎം)692/17 കേസിന്റെ പരാമർശം (8) പ്രകാരമുള്ള വിധി പ്രകാരം അച്ചടക്ക നടപടിയിൽ ടിയാനെ നേരിൽ കേട്ട് തീരുമാനമെടുക്കുന്നതിന്

ഉത്തരവായി. ടി കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാനെ 23.02.2018-ന് വീണ്ടും നേരിൽ കേട്ടു.

9 ) നേരിൽ കേട്ട സമയത്ത് ടിയാൻ ഉന്നയിച്ച വാദങ്ങളും ബന്ധപ്പെട്ട വിധി ന്യായങ്ങളും സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീമതി. വസന്തകുമാരി, ബഹു.പുനലൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഫയൽ ചെയ്ത എസ്.റ്റി. 3750/13 നമ്പർ കേസിൽ ശ്രീ.കെ.ജി.രാജനെ ശിക്ഷിച്ച സാഹചര്യത്തിലാണ് ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിച്ചത്. എന്നാൽ പ്രസ്തുത ശിക്ഷ റദ്ദാക്കി ബഹു: കൊല്ലം ജില്ല & സെക്ഷൻസ് കോടതി ഉത്തരവായിട്ടുണ്ട്. കൂടാതെ ശ്രീമതി. വസന്തകുമാരി പുനലൂർ സബ് കോടതിയിൽ ഫയൽ ചെയ്ത ഒ.എസ്.63/16 സിവിൽ കേസും ബഹു.കോടതി തള്ളികളഞ്ഞിട്ടുണ്ട്. ടിയാൽ കോടതി കേസുകളിൽ നിന്നുംപൂർണമായും കുറ്റമുക്തനാക്കപ്പെട്ടിട്ടുണ്ട്.

10) മേൽ സാഹചര്യത്തിൽ ശ്രീ.കെ.ജി.രാജൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട) നെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കി, പരാമർശം (8) ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
NAZARUDEEN A
**അണ്ടർ സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)

ശ്രീ.കെ.ജി.രാജൻ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

(റിട്ട.) (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം

(ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) , കേരള, തിരുവനന്തപുരം

വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ